## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 3883 — 31.01.2014 ലെ മറുപടിയ്ക്ക്

### ജീവനക്കാരുടെ ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റ്

**ചോദ്യം** — **ഉത്തരം**

ശ്രീമതി. പി.അയിഷാ പോറ്റി

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഇൻകം ടാക്സ് അടയ്ക്കുന്നതിനായി ജീവനക്കാരുടെ ശമ്പളബില്ലിൽ നിന്നും കുറവുചെയ്ത് ട്രഷറിയിൽ ഒടുക്കിയ തുക (2013 ഫെബ്രുവരി) ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന് യഥാസമയം അയച്ചുകൊടുക്കാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ; | : | ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ഇൻകം ടാക്സ് അടയ്ക്കുന്നതിനായി ജീവനക്കാരുടെ 02/2013 ലെ ശമ്പള ബില്ലിൽ നിന്നും കുറവ് ചെയ്ത് ട്രഷറിയിൽ ഒടുക്കിയ തുക യഥാസമയം അതാത് ജില്ലാ ട്രഷറി ആഫീസർമാർ Form 24 G ആയി ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ 02/2013 മാസത്തെ TDS ഉൾ പ്പെടുന്ന തുക (സാമ്പത്തിക വർഷം 2012-13 ൽ Q4 (Quarterly statement) എല്ലാ ട്രഷറികളും ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | ജീവനക്കാരുടെ ഇൻകം ടാക്സ് സംബന്ധിച്ച ത്രിമാസ സ്റ്റേറ്റ്മെന്റ് സ്ഥാപന മേധാവി മുഖാന്തരം ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന് നൽകുന്നതിനുള്ള ചുമതലയുടെ കരാർ നൽകിയിരിക്കുന്നത് ആർക്കാണ് ; | : | ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ 10-10-2013 ലെ സർക്കുലർ നമ്പർ 08/2013, F No. 275/192/2013-IT (B) – ലെ ഖണ്ഡിക 4.9.1 പ്രകാരം ഡയറക്ടർ ജനറൽ ഓഫ് ഇൻകം ടാക്സ് (സിസ്റ്റം) അധികാരപ്പെടുത്തിയ ടിൻ ഫെസിലിറ്റേഷൻ സെന്ററുകൾക്കാണ്. |

| | | | |
|---|---|---|---|
| | ആയതിനുവേണ്ടി ഒരു സ്ഥാപനത്തിൽ നിന്നും ഈടാക്കുന്ന തുക എത്രയാണ്; വ്യക്തമാക്കാമോ ; | | TIN-NSDL.com-web site പ്രകാരം ഈടാക്കുന്ന തുക താഴെ ചേർക്കുന്നു.<br>0 -100 റെക്കോർഡ് വരെ - 35 രൂപ<br>101-1000 റെക്കോർഡ് വരെ - 200 രൂപ<br>1000 ന് മുകളിൽ - 650 രൂപ |
| (സി) | പ്രസ്തുത സ്റ്റേറ്റ്മെന്റ് ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ് നേരിട്ട സ്വീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | : | ശമ്പള ബില്ലിൽ നിന്നും കുറവ് ചെയ്ത് ജില്ലാ ട്രഷറി ആഫീസർ ഫയൽ ചെയ്യുന്ന Form 24 G നിലവിൽ നേരിട്ട് ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് ഫയൽ ചെയ്യുവാൻ കഴിയും. ത്രിമാസ സ്റ്റേറ്റ്മെന്റ് ട്രഷറികളിൽ നിന്ന് നേരിട്ട് ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന് സമർപ്പിക്കുന്നതിനുവേണ്ടിയുള്ള അനുമതിയ്ക്കായി ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിനെ സമീപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ